**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5381** **12-08-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിലെ വൈദ്യുതി വകുപ്പിന്റെ ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Shri. K. Krishnankutty**<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ വൈദ്യുതി വകുപ്പിന്റെ എത്ര ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ;പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനത്തിനായി വാടക ഇനത്തിൽ എത്ര രൂപ ഒരു മാസം ചെലവഴിക്കുന്നുണ്ട് ; | (എ) | വയനാട് ജില്ലയിൽ കെ.എസ്.ഇ.ബി.എല്ലിന്റെ വിതരണ മേഖലയിലെ 20 ഓഫീസുകൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസുകളുടെ പ്രവർത്തനത്തിനായി പ്രതിമാസം ശരാശരി 3.78 ലക്ഷം രൂപ വാടക ഇനത്തിൽ ചെലവഴിക്കുന്നുണ്ട്. |
| (ബി) | സ്വന്തമായി സ്ഥലം ലഭ്യമാക്കുന്നതിനും ഇത്തരം ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | വയനാട് ജില്ലയിൽ കൽപറ്റ ഇലക്ട്രിക്കൽ സർക്കിൾ, കൽപറ്റ ഇലക്ട്രിക്കൽ ഡിവിഷൻ, റീജണൽ ഓഡിറ്റ് ഓഫീസ്, പി.എം.യു.ഓഫീസ്, APTS ഓഫീസ്, കൽപറ്റ ഇലക്ട്രിക്കൽ സബ് ഡിവിഷൻ, കൽപറ്റ ഇലക്ട്രിക്കൽ സെക്ഷൻ കൂടാതെ സബ് റീജണൽ സ്റ്റോർ എന്നീ ഓഫീസുകൾ ഉൾക്കൊള്ളുന്ന ഒരു വൈദ്യുതി ഭവന സമുച്ചയം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം വാങ്ങുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കൂടാതെ ടി ജില്ലയിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മറ്റ് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾക്ക് വേണ്ടി സൗകര്യപ്രദമായ സ്ഥലം സൗജന്യമായി ലഭ്യമാക്കിയാൽ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ